## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ:719 — 14.07.2014-ൽ മറുപടിയ്ക്ക്

### പാഠപുസ്തകങ്ങൾ അച്ചടിക്കാനുപയോഗിച്ച കടലാസിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ.അജിത് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സ്കൂളുകളിൽ വിതരണം ചെയ്യാൻ സർക്കാർ പ്രസ്സിൽ അച്ചടിച്ച പാഠപുസ്തകങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ വിവരം എന്താണെന്നും വെളിപ്പെടുത്തുമോ ; | (എ) പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്.ൽ ആണ് അച്ചടിക്കുന്നത്. 2014-15 വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിച്ച പേപ്പറിന് ഗുണനിലവാരമില്ലെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കെ.ബി.പി.എസിന്റെയും സ്റ്റേഷനറി വകുപ്പിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ഇതു സംബന്ധിച്ച് ഉന്നതതലത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഗുണനിലവാരമുള്ള 80 ജി.എസ്.എം പേപ്പർ ഉപയോഗിക്കുന്നതിനു പകരം 70 ജി.എസ്.എം പേപ്പറാണ് ഉപയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?<br><br>(സി) ഗുണനിലവാരം കുറഞ്ഞ പേപ്പറിൽ പാഠപുസ്തകങ്ങൾ അച്ചടിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിവരിക്കുമോ ? | (ബി)& (സി) 2012-13 വരെ 60 ജി.എസ്.എം പേപ്പറായിരുന്നു പാഠപുസ്തക അച്ചടിക്ക് ഉപയോഗിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ 2 വർഷങ്ങളിലായി 70 ജി.എസ്.എം പേപ്പർ ഉപയോഗിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതനുസരിച്ച് 70 ജി.എസ്.എം പേപ്പറിലാണ് പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടുള്ളത്. എന്നാൽ പേപ്പറിന്റെ കാലപ്പഴക്കം ( 2011- ൽ വന്ന 76 സെ.മീ. x 70 ജി.എസ്.എം) കാരണം പേപ്പർ ഷെയിഡിൽ മാറ്റം വന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാഠപുസ്തക അച്ചടിക്ക് ഉപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വേണ്ട നിർദേശങ്ങൾ നല്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ